പ്ലാൻ സ്പേസ് എന്ന വെബ്സൈറ്റിലും രേഖപ്പെടുത്താറുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ സർക്കിൾ ഡിവിഷൻ ഓഫീസുകളെ ഏകോപിപ്പിച്ചുകൊണ്ട് മാസംതോറും വീഡിയോ കോൺഫറൻസ് നടത്തി പുരോഗതികൾ വിലയിരുത്തുകയും ചെയ്യുന്നു.

ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതികൾ, 6 മാസം കൂടുമ്പോൾ ലോകബാങ്ക് പ്രതിനിധികൾ പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും പുരോഗതി വിലയിരുത്തുകയും യോഗങ്ങൾ വിളിച്ചുചേർത്ത് അവലോകനം ചെയ്യുകയും ചെയ്യാറുണ്ട്. സർക്കാർ തലത്തിലും പദ്ധതി അവലോകന യോഗങ്ങൾ ചേരാറുണ്ട്.

(സി) പദ്ധതികളുടെ എഗ്രിമെന്റിൽ അത് പൂർത്തിയാക്കേണ്ട കാലാവധി രേഖപ്പെടുത്താറുണ്ട്. കൂടാതെ ഓരോ കാലയളവിലും കൈവരിക്കേണ്ട പുരോഗതി രേഖപ്പെടുത്തുകയും കൈവരിച്ച പുരോഗതി പ്രതിമാസം അവലോകനം ചെയ്യുകയും ചെയ്യാറുണ്ട്.

എഗ്രിമെന്റിന്റെ ഭാഗമായി കരാറുകാർ സമയക്രമം പാലിച്ചുകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കുന്നുണ്ടോ എന്നുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്.

പൈപ്പ് പൊട്ടലുകൾ പരിഹരിക്കാൻ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ

193 (4479) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഓരോവർഷവും ജലവിഭവ വകുപ്പ് സംസ്ഥാനത്ത് ഓരോ ജില്ലകളിലും പൈപ്പ് പൊട്ടലുകൾ കണ്ടെത്തി പ്രവർത്തനക്ഷമമാക്കാൻ വേണ്ട സാമഗ്രികൾ, അതിനായുള്ള പ്രവർത്തനച്ചെലവ് എന്നിവയ്ക്കായി എന്ത് തുക ചെലവാക്കി; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഓരോ വർഷവും നടത്തിയ വൻകിട കരാറുകാർ ആരെല്ലാം; അവർക്ക് നൽകാനുള്ള തുക എത്ര; നാളിതുവരെ എന്ത് തുക നൽകി; ജില്ലതിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ജലവിഭവ വകുപ്പ് ജലവിതരണ പ്രവർത്തനങ്ങൾക്കായി മോട്ടോറുകൾ, പൈപ്പുകൾ ഉൾപ്പെടെ എന്തെല്ലാം സാമഗ്രികൾ എന്ത് തുകയ്ക്ക് വാങ്ങിയിട്ടുണ്ട്; ഏത് കമ്പനികളിൽ നിന്നും; അവർക്ക് എന്ത് തുക നൽകി; എന്ത് തുക നൽകുവാനുണ്ട്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജല വിതരണ മേഖലയിൽ തലസ്ഥാന മേഖലയിൽ വൻകിട പൈപ്പുകളിൽ എത്ര തവണ പൈപ്പുപൊട്ടൽ ഉണ്ടായിട്ടുണ്ട്; ഇതിനായി ഓരോ വർഷവും കരാറുകാർക്ക് നൽകിയ തുക എത്രയെന്നും ഇനി നൽകേണ്ടത് എത്രയെന്നും ആർക്കെല്ലാം എന്നും വ്യക്തമാക്കുമോ; ഇതിലേയ്ക്കായി മാത്രം സാമഗ്രികൾ വാങ്ങുവാൻ ജലവിഭവ വകുപ്പ് എന്ത് തുക ചെലവാക്കി; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ജലവിഭവ വകുപ്പിൽ ചില ഉദ്യോഗസ്ഥരും കരാറുകാരും തമ്മിൽ അവിഹിതബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരം ഉദ്യോഗസ്ഥ/ കരാറുകാർക്കെതിരെ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ 2011-12 കാലയളവിൽ 71.32 കോടി രൂപയും 2012-13 കാലയളവിൽ 86.00 കോടി രൂപയും 2013-14 കാലയളവിൽ 70.39 കോടി രൂപയും 2014 ഒക്ടോബർ വരെ 49.99 കോടി രൂപയും ചെലവാക്കി.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മാടായി, ചെറുതാഴം-കുഞ്ഞിമംഗലം പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി

194 (4480) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മാടായി, കുഞ്ഞിമംഗലം-ചെറുതാഴം പഞ്ചായത്തുകൾ ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ കടന്നു പോകുന്നതിന്റെ അടുത്ത പഞ്ചായത്തുകളാണെങ്കിലും പട്ടുവം കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കി ഈ പ്രദേശത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

കുഞ്ഞിമംഗലം-ചെറുതാഴം പഞ്ചായത്തുകൾക്കായി ജിക്കാ പദ്ധതിയുടെ ചെനയന്നൂരിലുള്ള ഗ്രാവിറ്റി മെയിൻ സ്രോതസ്സായി ഒരു കുടിവെള്ള പദ്ധതിക്കുള്ള റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കിയിരുന്നു. എന്നാൽ വിശദമായ എഞ്ചിനീയറിംഗ് പരിശോധനയിൽ ജിക്കാ പദ്ധതിയുടെ ഗ്രാവിറ്റി മെയിനിൽ പ്രസ്തുത പദ്ധതിക്കാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly